# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2643

19/03/2015-ൽ
മറുപടിയ്ക്ക്

### പട്ടികജാതി വകുപ്പിന്റെ കൊണ്ടോട്ടി മണ്ഡലത്തിലെ പട്ടികജാതി വകുപ്പിന്റെ പ്രവൃത്തികൾ

| ക്രമ നമ്പർ | ചോദ്യം<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | പട്ടികജാതി വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ രണ്ട് വർഷമായി നടക്കുന്ന പ്രവൃത്തികൾ ഏതെല്ലാ മാണെന്ന് വിശദമാക്കുമോ ; | എ & ബി | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ 2 വർഷമായി നടപ്പിലാക്കുന്ന പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള വ്യക്തിഗത ആനുകൂല്യങ്ങളായ ഭവന നിർമ്മാണം, വീട് മെയിന്റനൻസ്, ടോയ്ലറ്റ് നിർമ്മാണം എന്നിവയ്ക്ക് ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കൂടാതെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ 2012-13 വർഷം തെരഞ്ഞെടുത്ത നെടിയിരുപ്പ് ഗ്രാമപഞ്ചായത്തിലെ മൂച്ചിക്കുണ്ട് പട്ടികജാതി കോളനിയിൽ തുടങ്ങിവെച്ചതും FIT എന്ന സ്ഥാപനം നിർവ്വഹണ ഏജൻസിയായ കുടിവെള്ള പദ്ധതിയിൽ 20% ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത ചെറുകാവ് ഗ്രാമ പഞ്ചായത്തിലെ കല്ലറക്കുന്ന് പട്ടികജാതി കോളനിയിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ SIDCO - ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | ഇവയിൽ ഏതെങ്കിലും പ്രവൃത്തികൾ മുടങ്ങി ക്കിടക്കുന്നുണ്ടോ;എങ്കിൽ കാരണം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ